<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3495</u> <u>26-06-2024 - ൽ മറുപടിയ്ക്ക്</u>

## രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി കാർഷിക ഗ്രാമ വികസന ബാങ്ക് വായ്പ നൽകി ബോട്ട് ഇൻ ലാൻഡ് ആയി മാറിയ ഭൂമി റീ രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുവാനായി കാക്കാടംപൊയിൽ ശ്രീ. കെ. വി. ജോൺ എന്നയാളുടെ അപേക്ഷ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അപേക്ഷയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ; | (എ) | ഭൂപണയ ബാങ്കിൽ പണയം വെച്ച വസ്തുവിന്റെ ആധാരം ബാങ്കിൽ നിന്ന് തിരികെ രജിസ്റ്റർ ചെയ്തു കിട്ടുന്നതിന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണമെന്ന ശ്രീ. ജോൺ കൊട്ടാരത്തിൽ എന്നയാളുടെ 27/01/2021 തീയതിയിലെ അപേക്ഷ, ടിയാൻ നവകേരള സദസ്സിൽ നൽകിയ അപേക്ഷ എന്നിവ ലഭ്യമായിട്ടുണ്ട്. ബാങ്കിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാത്തത് മൂലം ബാങ്ക് ജപ്തി ചെയ്ത് ബാങ്കിന്റെ പേരിൽ ആക്കിയ വസ്തു തിരികെ ഉടമസ്ഥന് എഴുതി നൽകുന്നതിന് മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകണം എന്ന അപേക്ഷയിലെ ആവശ്യം അംഗീകരിച്ചാൽ അത് സമാന രീതിയിലുള്ള ലക്ഷക്കണക്കിന് അപേക്ഷകൾ പരിഗണിക്കേണ്ടുന്നതിന് കാരണമാകും എന്നതിനാൽ പ്രസ്തുത അപേക്ഷകൾ പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ലെന്ന് 14/06/2023 തീയതിയിലെ ജെ2/84/2021/നിവ കത്ത്, 25/01/2024 തീയതിയിലെ ജെ2/15/2024/നിവ കത്ത് എന്നിവ പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഭൂപണയ ബാങ്കിൽ പണയം വെച്ച വസ്തുവിന്റെ ആധാരം ബാങ്കിൽ നിന്ന് തിരികെ രജിസ്റ്റർ ചെയ്തു കിട്ടുന്നതിന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണമെന്ന ശ്രീ. ജോൺ കൊട്ടാരത്തിൽ എന്നയാളുടെ 27/01/2021 തീയതിയിലെ അപേക്ഷ, ടിയാൻ നവകേരള സദസ്സിൽ നൽകിയ അപേക്ഷ എന്നിവ ലഭ്യമായിട്ടുണ്ട്. ബാങ്കിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാത്തത് മൂലം ബാങ്ക് ജപ്തി ചെയ്ത് ബാങ്കിന്റെ പേരിൽ ആക്കിയ വസ്തു തിരികെ ഉടമസ്ഥന് എഴുതി നൽകുന്നതിന് മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകണം എന്ന അപേക്ഷയിലെ ആവശ്യം അംഗീകരിച്ചാൽ അത് സമാന രീതിയിലുള്ള |

| | | | |
|---|---|---|---|
| | | | ലക്ഷക്കണക്കിന് അപേക്ഷകൾ പരിഗണിക്കേണ്ടുന്നതിന് കാരണമാകും എന്നതിനാൽ പ്രസ്തുത അപേക്ഷകൾ പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ലെന്ന് 14/06/2023 തീയതിയിലെ ജെ2/84/2021/നിവ കത്ത്, 25/01/2024 തീയതിയിലെ ജെ2/15/2024/നിവ കത്ത് എന്നിവ പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ